LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് പാർപ്പിട നിർമ്മാണത്തിന് സൗജന്യ ഭൂമി

8 [1356] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. സുധാകരൻ :
,, പി. ശങ്കരൻ :
,, എം. പി. ഗംഗാധരൻ :
,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി തിരകളിൽപ്പെട്ട് വീട് നശിച്ച മത്സ്യത്തൊഴിലാളികളെ തീരദേശ റോഡിനു പടിഞ്ഞാറു വശം താമസിക്കുവാൻ അനുവദിക്കുമോ;

(ബി) ഇല്ലെങ്കിൽ റോഡിന് കിഴക്കു വശത്തേക്കു മാറ്റിപ്പാർപ്പിക്കുന്ന ഇവർക്ക് സൗജന്യമായി ഭൂമി നൽകുമോ;

(സി) എങ്കിൽ അതിന് എത്ര ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിക്കുന്നതല്ല.

(ബി) സൗകര്യപ്രദമായ സ്ഥലത്ത് സ്ഥിരം വീടുകൾ നിർമ്മിച്ച് നൽകുന്നതാണ്.

(സി) ഭൂമി എടുക്കുവാനുള്ള നടപടികൾ നടന്നു വരുന്നു. ആവശ്യമായ ഭൂമിയുടെ കണക്ക് തിട്ടപ്പെടുത്തി വരുന്നു.

സുനാമിയിൽ തകർന്ന വീടുകൾക്കു പകരം വീടുകൾ

9 [1357] ശ്രീ. കെ. ബാബു :
ശ്രീമതി മാലത്ത് സരളാദേവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ലൂഡി ലൂയിസ് :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ാം തീയതിയുണ്ടായ സുനാമിമൂലം നശിച്ച എല്ലാ വീടുകൾക്കും പകരം മാതാ അമൃതാനന്ദമയി ട്രസ്റ്റ് വീടുകൾ നിർമ്മിച്ച് നൽകുമെന്ന് വാഗ്ദാനം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വാഗ്ദാനം സ്വീകരിച്ചുവോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) വിവിധ സന്നദ്ധ സംഘടനകൾ, മത ധർമ്മ സ്ഥാപനങ്ങൾ എന്നിവ വീട് നിർമ്മിച്ചു നൽകാൻ തയ്യാറായി സർക്കാരിലേയ്ക്ക് നിവേദനങ്ങൾ നൽകിയിരുന്നു. സർക്കാർ ഈ വിഷയത്തിലെ എല്ലാ വശങ്ങളും പഠിച്ചതിനു ശേഷം, 3000 വീടുകൾ നിർമ്മിച്ചു നൽകാൻ 29 മത-സന്നദ്ധ സംഘടനകൾക്ക് അനുവാദം നൽകി കഴിഞ്ഞു. ഇതിൽ മാതാ അമൃതാനന്ദമയി ട്രസ്റ്റിന് 1300 വീടുകൾ നിർമ്മിച്ചു നൽകാൻ അനുവാദം നൽകിയിട്ടുണ്ട്, പ്രസ്തുത ട്രസ്റ്റിന് കൊല്ലം ജില്ലയിൽ 1100 വീടുകളും, ആലപ്പുഴ ജില്ലയിൽ 150 വീടുകളും, എറണാകുളം ജില്ലയിൽ 50 വീടുകളും നിർമ്മിച്ചു നൽകാനാണ് അനുവാദം നൽകിയിട്ടുള്ളത്.

സുനാമി ദുരന്തത്തിനുള്ള കേന്ദ്രസഹായം

10 [1365] ശ്രീ. എ. എ. അസീസ് :

" കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിന് കേന്ദ്രസഹായമായി ഇതിനകം എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചത്;

(സി) ഇനി ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുനാമി ദുരന്തം മൂലമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ ഇതിനകം 100 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) & (സി) സുനാമി ദുരിതാശ്വാസത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച തുക ഉപധനാഭ്യർത്ഥന നിയമസഭ അംഗീകരിച്ച ശേഷം മാത്രമേ വിനിയോഗിക്കുവാൻ കഴിയൂ. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ ശേഷിച്ചിരുന്ന തുകയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു ലഭിച്ച തുകയുമാണ് സുനാമി ദുരിതാശ്വാസത്തിനായി വിനിയോഗിച്ചു വരുന്നത്.

സുനാമി ദുരന്തത്തെ തുടർന്നുള്ള ദുരിതാശ്വാസത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായാണ് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ച തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly